2024
സെപ്റ്റംബർ-നവംബർ

# ധർമ്മഭേരി

ലക്കം 2
4 പേജ്

Quarterly News Bulletin

SDPYBHS Palluruthy,Sreenarayana Nagar,Palluruthy PO,Kochi

ത്രൈമാസ വാർത്താപത്രം

## മാധ്യംക്യൂറിക്ക് ഉപജില്ലയിൽ സെക്കന്റ് എ ഗ്രേഡ്



മട്ടാഞ്ചേരി ഉപജില്ലാ ശാസ്ത്രോത്സവം ശാസ്ത്രനാടക മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ എസ്.ഡി പി .വൈ.ബി.എച്ച്.എസ് ടീം

മട്ടാഞ്ചേരി ഉപജില്ലാ ശാസ്ത്രോത്സവം ശാസ്ത്രനാടക മത്സരത്തിൽ എസ് . ഡി പി.വൈ.ബി.എച്ച്.എസ് ടീമിന് സെക്കന്റ് എ ഗ്രേഡ് ലഭിച്ചു. ബെസ്റ്റ് ആക്ടറായി ഒമ്പത് ബി യി ലെ കെ. വി.മെഹന്ത് തെരഞ്ഞെടുക്കപ്പെട്ടു. ഒമ്പത് ബി യിലെ അജ്മൽ ഷാ, അശ്വിൻകണ്ണൻ ,ആദിത്യൻ പി.ജെ ആകാശ് എൻ. വി, അഭിഷേക് മേനോൻ,അഭിനവ് എൻ.എസ് ഒമ്പത് എ യിലെ ഷെഹിൻ പത്ത് ബി യിലെ ധാർമ്മിക് എന്നിവരായിരുന്ന നാടകത്തിലെ മറ്റഭിനേതാക്കൾ. എല്ലാവരും മികച്ച പ്രകടനം കാഴ്ചവച്ചു.

## മട്ടാഞ്ചേരി ഉപജില്ലാശാസ്ത്രമേള
## എസ്.ഡി.പി.വൈ സ്കൂൾ ആതിഥേയരായി



മട്ടാഞ്ചേരി ഉപജില്ലാ ശാസ്ത്രമേള കൊച്ചി എംഎൽഎ കെ ജെ മാക്സി ഉദ്ഘാടനം ചെയ്യുന്നു

മട്ടാഞ്ചേരി ഉപജില്ല സ്കൂൾ ശാസ്ത്ര ഗണിത ശാസ്ത്ര -സാമൂഹ്യശാസ്ത്ര - പ്രവൃത്തി പരിചയ ഐടി മേളയ്ക്ക് എസ്.ഡി.പി.വൈ സ്കൂൾ ആതിഥേയത്വം വഹിച്ചു. മേളയുടെ ഉദ്ഘാടനം കൊച്ചി എംഎൽ എ കെ.ജെ മാക്സി നിർവഹിച്ചു. സർക്കാരിന്റെ ഡൽഹി പ്രതിനിധി പ്രൊഫസർ കെവിതോമസ് മുഖ്യാതിഥിയായി.പള്ളുരുത്തിബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബേബി തമ്പി അധ്യക്ഷത വഹിച്ചു. എസ് ഡി പി വൈ ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ സീന രവീന്ദ്രൻ ആയിരുന്ന ശാസ്ത്രമേളയുടെ ജനറൽ കൺവീനർ. ഒക്ടോബർ 8, 9 തീയതികളിൽ ആണ് ശാസ്ത്രമേള മത്സരങ്ങൾ നടന്നത്. ശാസ്ത്രമേളയുടെ ലോഗോ തയ്യാറാക്കിയ എസ് ഡി പി വൈ എച്ച്,എസ്.എസ് വിദ്യാർത്ഥി ഖദീജ മൻസൂറിനെ പുരസ്കാരം നൽകി ആദരിച്ചു. ബോയ്സ് സ്കൂൾ മികച്ച പ്രകടനം കാഴ്ചവച്ചു.



## സ്കൂൾ ഓണാഘോഷം




പൂക്കള മത്സരത്തിന്റെ ഭാഗമായി ഒമ്പത് ബിയിലെ കുട്ടികൾ തയ്യാറാക്കിയ പൂക്കളം

വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശപ്രകാരം വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈവർഷം ഓണം വളരെ ലളിതമായാണ് ആഘോഷിച്ചത്. ആഘോഷത്തിന്റെ ഭാഗമായി ക്ലാസ് തലത്തിൽ അത്തപ്പൂക്കള മത്സരം നടത്തി.ഉച്ച യ്ക്ക് കുട്ടികൾക്ക് പായസം നൽകി. കളർ ഡ്രസ്സിട്ടാണ് കുട്ടികളെല്ലാം ഓണാഘോഷത്തിനെത്തിയത്. രാവിലെ 9.30 ന് തന്നെ കുട്ടികൾ സ്കൂളിലെത്തി ഉച്ചയ്ക്ക് പൂക്കളമത്സര വിജയികളെ പ്ര ഖ്യാപിച്ചു. സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് മത്സരം നടത്തിയത്. സമ്മാനങ്ങൾ ഓണാവധി കഴിഞ്ഞ് സ്കൂള് തുറന്നതിനുശേഷമാണ് നൽകിയത്.





എച്ച്.എം പൂക്കളമത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.




ബെസ്റ്റ് ആക്ടർ കെ.വി.മെഹന്തും സംഘവും ശ്രീലേഖ ടീച്ചറോടൊപ്പം

## ധർമ്മഭേരി പ്രകാശനം ചെയ്തു



മാതൃഭൂമി റിപ്പോർട്ടർ വി.പി.ശ്രീലൻ ധർമ്മഭേരി ആദ്യലക്കം പ്രകാശനം ചെയ്തു

എസ്.ഡി.പി.വൈ ബോയ്സ് സ്കൂളിന്റെ ത്രൈമാസ വാർത്താപത്രം ധർമ്മഭേരി പ്രകാശനം ചെയ്തു. മാതൃഭൂമി റിപ്പോർട്ടർ വി.പി. ശ്രീലനാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്.ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ സ്കൂളിൽ നടന്ന പ്രവർത്തനങ്ങളാണ് നാലു പേജുകളുള്ള പത്രത്തിലുള്ളത്. സ്കൂൾലീഡർ ധാർമ്മിക്.എസ്,നിഹാൽ.പി.എൻ എന്നിവരാണ് പത്രനിർമ്മിതിക്കു പിന്നിൽ പ്രവർത്തിച്ചത്. ശ്രീഭവാനീശ്വര ഓഡിറ്റോറിയത്തിൽ നടന്ന പ്രകാശന ചടങ്ങിൽ പ്രധാനാധ്യാപിക എസ്. ആർ. ശ്രീദേവി ടീച്ചർ, സീനിയർ അധ്യാപിക ടി. വി. ഷാരിമോൾ ടീച്ചർ, മറ്റധ്യാപകർ,അനധ്യാപകർ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. പത്രം നിർമ്മിക്കുന്നതിനു പിന്നിലെ വിവിധ ഘട്ടങ്ങളെക്കുറിച്ച് മാതൃഭൂമി റിപ്പോർട്ടർ കുട്ടികളോട് സംസാരിച്ചു.

# ഗാന്ധിജയന്തി



മഹാത്മാഗാന്ധിയായി വേഷപ്രച്ഛന്നനായ ഒമ്പത് ബിയിലെ എം ആർ അഭിനവ് കൃഷ്ണ

ഒക്ടോബർ രണ്ട് ഗാന്ധിജയന്തിയോടനുബന്ധിച്ച് എസ്.ഡി.പി വൈ.ബോയ്സ് ഹൈസ്കൂളിൽ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾസംഘടിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും ചേർന്ന് വിദ്യാലയത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വിമുക്തി ക്ലബ്ബിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ലഹരിവിരുദ്ധ സന്ദേശം നൽകുന്ന ഒരു ഹ്രസ്വചിത്രം പ്രദർശിപ്പിക്കുകയും ചെയ്തു. കലന്തൻ ബഷീർസംവിധാനം ചെയ്ത് എൻഎച്ച്ആർഎസി എഫ് ( നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ആൻറി കറപ്ഷൻ ഫോഴ്സ്) നിർമ്മിച്ച കുട്ടിയോദ്ധാവ് എന്ന ചിത്രമാണ് പ്രദർശിപ്പിച്ചത്. കൂടാതെ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശം പകർന്നുകൊണ്ട് ഒരു ബോധവൽക്കരണ ക്ലാസും സംഘടി പ്പിച്ചു .എക്സൈസ് ഡിപ്പാർട്ട്മെൻറ് നൽകിയ കവചം എന്ന പുസ്തകവും കുട്ടികൾക്ക് നൽകി. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സമൂഹത്തോട് ആഹ്വാനം ചെയ്തുകൊണ്ട് ലഹരിക്കെതിരെ കുട്ടിച്ചങ്ങല സൃഷ്ടിച്ചു.സ്കൂളിനോട് ചേർന്നുള്ള ക്ഷേത്രത്തിന് മുൻവശത്തായാണ് കുട്ടിച്ചങ്ങല തീർത്തത്. ഒമ്പതാം ക്ലാസിലെയും എട്ടാം ക്ലാസിലെയും കുട്ടികളാണ് ലഹരിക്കെതിരെയുള്ള കുട്ടിച്ചങ്ങലയിൽ അണിചേർന്നത്. സ്കൂൾ അസംബ്ലിയിൽ വിമുക്തി ക്ലബ്ബിന്റെ കോർഡിനേറ്റർ ലഹരി വിരുദ്ധ സന്ദേശം നൽകി.



ഗാന്ധിജയന്തിയോടനുബന്ധിച്ച് കുട്ടികൾ സ്കൂളിൽ ലഹരിക്കെതിരെയുള്ള കുട്ടിച്ചങ്ങലയിൽ അണിചേർന്നു.



# മുത്തശ്ശന്മാരും മുത്തശ്ശിമാരും സ്കൂളിലെത്തി

ലോകവയോജന ദിനത്തിന്റെ ഭാഗമായിഎസ് ഡി പി വൈ ബോയ്സ് ഹൈസ്കൂളിൽ കുട്ടികളുടെ മുത്തശ്ശന്മാരും മുത്തശ്ശിമാരും എത്തി. ശ്രീഭവാനീശ്വര കല്യാണ മണ്ഡപത്തിൽ വച്ചാണ് ലോക വയോജന ദിനാചരണം നടത്തിയത്. എസ്. ഡി. പി. വൈ ദേവസ്വം മാനേജർ കെ ആർ മോഹനൻ പരിപാടി ഉദ്ഘാടനം ചെയ്തു.പ്രധാനാധ്യാപിക എസ്.ആർ ശ്രീദേവി ടീച്ചർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അഞ്ചു മുതൽ പത്തു വരെയുള്ള ക്ലാസുകളെ പ്രതിനിധീകരിച്ച് ഓരോ മുത്തശ്ശനും മുത്തശ്ശിയുമാണ് എത്തിച്ചേർന്നത്. അവരെ ചടങ്ങിൽ ആദരിച്ചു. അപ്പൂപ്പന്മാരും അമ്മൂമ്മമാരും അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. അവർക്കുവേണ്ടി പ്രത്യേകം സദ്യയും ഒരുക്കിയിരുന്നു.നിഷ് കെ ബാൽ, കെ.വി ആശ എന്നിവർ ആശംസകൾ അർപ്പിച്ചു. എം.കെ. നിഷ സ്വാഗതവും കെ. ആർ ലീന നന്ദിയും പറഞ്ഞു. വിദ്യാർത്ഥികളും സ്കൂൾ സ്റ്റാഫംഗങ്ങളും ഒരുമിച്ച് ആതിഥേയത്വം വഹിച്ചു.





പള്ളുരുത്തി എസ്.ഡി.പി.വൈ.ബോയ്സ് സ്കൂളിലെ ലോകവയോജന ദിനാചരണം

# അന്താരാഷ്ട്ര പുസ്തകോൽസവത്തോടനുബന്ധിച്ച് *വായനാമധുരം* പുസ്തകപ്രദർശനം സംഘടിപ്പിച്ചു

27-ാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് എസ് ഡിപിവൈബോയ്സ് ഹൈസ്കൂളിൽ പുസ്തകപ്രദർശനം - വായനാ മധുരം സംഘടിപ്പിച്ചു.പ്രധാനാധ്യാപിക എസ് ആർ ശ്രീദേവി ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങ് ഷെവലിയാർ ഡോക്ടർ ഗ്രിഗറിതോമസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. റിട്ടയേർഡ് ക്യാപ്റ്റൻ ബേസിൽ പീറ്റർ പുസ്തകം വിതരണം ചെയ്തു. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സംഘാടകരായപി എസ് പ്രമോദ്,ജോസ്ക്രിസ്റ്റഫർ എന്നിവർ കുട്ടികൾക്ക് വായനസന്ദേശം നൽകി.അൻരാജ് ആർ, നിവേദ് കൃഷ്ണ മുഹമ്മദ് യാസീൻ, അജ്മൽഷാ,സൂര്യദേവ് കെബി എന്നീ വിദ്യാർത്ഥികളെ മികച്ച വായനക്കാരായി തെരഞ്ഞെടുത്തു. ഓരോ ക്ലാസിലെയും കുട്ടികൾ കൊണ്ടുവന്ന പുസ്തകങ്ങ ളാണ് പ്രദർശനത്തിന് വെച്ചത്. ഏ റ്റവും കൂടുതൽ പുസ്തകങ്ങൾ പ്രദർശനത്തിനായി കൊണ്ടുവന്ന കുട്ടികൾക്ക് സമ്മാനം നൽകി. ഉദ്ഘാടന സമ്മേളനത്തിൽ എം കെ നിഷ സ്വാഗതവും കെ പി പ്രിയ നന്ദിയും പറഞ്ഞു.






# ജ്യാമിതീയ രൂപങ്ങളുടെ നിറച്ചാർത്തിൽ തിളങ്ങി ശ്രീഹരി



ജ്യാമിതീയ രൂപങ്ങൾ വരക്കാൻ മറ്റെന്തിനേക്കാളും ഇഷ്ടമാണ് ഏഴാംക്ലാസ് എയിൽ പഠിക്കുന്ന ശ്രീഹരിക്ക്.ഉപ ജി ല്ലാ ശാസ്ത്രമേളയിൽ ജ്യാമിതീയ നിർമ്മിതിക്ക് എ ഗ്രേഡ് നേടിയിരിക്കുകയാണ് ശ്രീഹരി. പഠനത്തിൽ പിന്നോക്കം നൽകുന്ന തിനായി ക്ലാസ് ടീച്ചർ ശ്രീഹരിയെ സ്കൂളിലെ ഹെൽപ്പിംഗ്ഹാൻഡ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്. വർണ്ണാഭമാർന്ന ജ്യാമിതീയരൂപങ്ങൾ വരയ്ക്കുവാൻ എത്ര നേരം വേണമെങ്കിലും ശ്രീഹരി ക്ഷമയോടെ ഇരിക്കും. ശ്രീഹരിയുടെ ഈ കഴിവ് തിരിച്ചറിഞ്ഞ് ഇത്തവണത്തെ ഉപജില്ല ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുകയായിരുന്നു ഗാലടീച്ചർ. എ ഗ്രേഡോടെ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ശ്രീഹരിക്കു കഴിഞ്ഞു.



ശ്രീഹരി വരച്ച ജ്യാമിതീയ രൂപം

## SDPYBHS Palluruthy ലഹരിവിരുദ്ധ ക്യാമ്പെയിൻ



## റാബീസ് ബോധവൽക്കരണ ക്ലാസ്



എസ്.ഡി. പി വൈ ബോയ്സ് സ്കൂളിലെ കുട്ടികൾക്ക് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പേപ്പട്ടി വിഷബാധ,ചികിത്സ എന്നിവയെപ്പറ്റി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മൃഗ സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥനായ രഞ്ജിത്ത് സാറാണ് കുട്ടികൾക്ക് ക്ലാസെടുത്തത് റാബിസ് വൈറസിനെ കുറിച്ചും അത് മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചുമാണ്ക്ലാസെടുത്തത്. പട്ടി, പൂച്ച തുടങ്ങിയ മൃഗങ്ങൾ കടിക്കുകയോ മാന്തുകയോ ചെയ്താൽ മനുഷ്യ ശരീരത്തിലുണ്ടാകുന്ന മുറിവിൽ കൂടി റാബിസ് വൈറസ് പ്രവേശിക്കുകയുംതലച്ചോറിലെത്തി പേവിഷബാധ ഉണ്ടാവുകയും ചെയ്യും. അതുകൊണ്ട് മൃഗങ്ങളോട് അടുത്ത് പെരുമാറുമ്പോൾ ശ്രദ്ധവേണമെന്നും യാതൊരു കാരണവശാലും മൃഗങ്ങളെ ഉപദ്രവിക്കുവാനോ അവയെ പ്രകോപിപ്പിക്കുവാനോ പാടില്ലെന്നും ക്ലാസ്സിൽ വിശദീകരിച്ചു. തെരുവുനായകളുടെ ശല്യമുള്ള നമ്മുടെ നാട്ടിൽ എപ്രകാരമാണ് അവയുടെ ഉപദ്രവത്തിൽ നിന്നും നാം സ്വയരക്ഷ നേടേണ്ടത് എന്നതിനെക്കുറിച്ചുള്ള പരിശീലനങ്ങളും ക്ലാസ്സിൽ നൽകി.പട്ടി, പൂച്ച തുടങ്ങിയ മൃഗങ്ങളുടെ കടിയേറ്റ് മുറിവുണ്ടായാൽ എത്രയും പെട്ടെന്ന് 15 മിനിറ്റ് നേരം സോപ്പുവെള്ളം ഉപയോഗിച്ച് കഴുകി മുറിവ് വൃത്തിയാക്കുകയും ഉടൻതന്നെ വൈദ്യസഹായം തേടേണ്ടതുമാണെന്ന നിർദേശം കുട്ടികൾക്ക് നൽകി. ക്ലാസിനുശേഷം കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. യു.പി.വിഭാഗത്തിൽനിന്ന് 210 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽനിന്ന് 200കുട്ടികളും 20അധ്യാപകരും ബോധവൽക്കരണ ക്ലാസിൽ പങ്കെടുത്തു.



മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻ രഞ്ജിത്ത് റാബിസ് ബോധ വൽക്കരണ ക്ലാസ് നയിക്കുന്നു

# യെസ് യുവർഓണർ!

## എസ്.ഡി.പി.വൈ സ്കൂളിലെ കുട്ടികൾ എറണാകുളം ഹൈക്കോടതി സന്ദർശിച്ചു.




എറണാകുളം ഹൈക്കോടതി സന്ദർശിച്ച എസ്.ഡി.പി.വൈ ബോയ്സ് ഹൈസ്കൂളിലെ മുപ്പത് കുട്ടികളും അധ്യാപകരും

കെൽസയുടെ നേതൃത്വത്തിൽ ഓണറബിൾ ഹൈക്കോർട്ട് സംവാദ എന്നപേരിൽ സംഘടിപ്പിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി ഒക്ടോബർ ഇരുപത്തിമൂന്ന് പള്ളുരുത്തി എസ്.ഡി.പി .വൈ ബോയ്സ് ഹൈസ്കൂളിലെ മുപ്പത് കുട്ടികൾ എറണാകുളം ഹൈക്കോടതി സന്ദർശിച്ചു. NALSAയുടെ സംഗീതപരിപാടിയോടെ ക്ലാസുകൾ ആരംഭിച്ചു.ആദ്യത്തെ സെഷൻ നയിച്ചത് ഡയറക്ടർ ഓഫ് മീഡിയേഷൻ ആൻഡ് കൗൺ സിലേഷൻ സെന്ററിന്റെ ഡയറക്ടറായ ഡിസ്ട്രിക്ട് ജഡ്ജ് ജൂബിയയാണ്. മദ്യത്തോടുണ്ടാവുന്ന ആസക്തി എങ്ങനെ കുറ്റകൃത്യമാകും എന്നതിനെക്കുറിച്ചാണ് ക്ലാസ്സെടുത്തത് ഭരണഘടനയുടെ ആർട്ടിക്കിൾ 39A പ്രകാരം സൗജന്യ നിയമസഹായം നൽകുക എന്നതും ആർക്കൊക്കെ നൽകണമെന്നതുമാണ് NALSAയുടെ പ്രധാന ചുമതല.ദേശീയതലത്തിൽ NALS യും സംസ്ഥാനതലത്തിൽ KELSAയും ജില്ലാ തലത്തിൽ DLSAയും താലൂക്ക് തലത്തിൽ TLSC യും നിയമ സഹായ കേന്ദ്രങ്ങളാണ്.ഒരാൾക്ക് നിയമസഹായം വേണമെങ്കിൽ സാകേതം എന്ന പ്രോഗ്രാമിലേക്ക് വിളിക്കാം. സൈക്കോളജി സെഷനെടുത്തത് ഫാമിലി കൗൺസിലർ ഫാത്തിമയാണ്.സെൽഫ്അവയർനെസ്സ്,ക്രിട്ടിക്കൽ തിങ്കിംഗ്,പ്രോബ്ലംസോൾവിങ്, ഡിസിഷൻ മേക്കിങ്, ക്രിയേറ്റീവ് തിങ്കിങ്, ഇഫക്ടീ വ്ക മ്മ്യൂണിക്കേഷൻ എന്നിവയുൾപ്പെടുന്ന ഒരു ക്ലാസായിരുന്നു.അതിനുശേഷം പോലീസ് സ്റ്റേഷൻ സന്ദർശനം നടത്തി. എസ് എച്ച് ഒ സൂരജ്കുമാർ ക്ലാസ് ന യിച്ചു. ഉച്ചഭക്ഷണംകഴിഞ്ഞ്കുട്ടികളെ കോടതിസന്ദർശനത്തിന് കൊണ്ടു പോയി. ഹൈക്കോടതിയിൽ എട്ടുനിലകളിലായി മുപ്പത്തിരണ്ട്കോടതികൾ പ്രവർത്തിക്കുന്നു .ഓരോ കോടതിയും ഏത് കേസ് കൈകാര്യംചെയ്യുന്നുവെന്നറിയുന്നത് പ്രത്യേകംനമ്പറുപയോഗിച്ചാണ് രണ്ട് സിംഗിൾ ബെഞ്ച് കോടതികളിലെയും ഒരു ഡിവിഷൻ ബെഞ്ച് കോടതിയുടെയും വാദങ്ങൾ കേൾക്കാനുള്ള അവസരമുണ്ടായി. സിംഗിൾ ബെഞ്ച് കോടതിയിൽ കുട്ടികളെ ജഡ്ജ് വിളിക്കുകയും വാദം നിർത്തിവെച്ച് സംവദിക്കുകയും ചെ യ്തു .തുടർന്ന് വക്കീലമാർ ക്ലാസെടുത്തു. ക്ലാസുകൾ വളരെ പ്രയോജനപ്ര ദമായിരുന്നു.



പോലീസ് സ്റ്റേഷൻ സന്ദർശനം- എസ്.എച്ച്.ഒ സൂരജ്കുമാർ കുട്ടികൾക്ക് ക്ലാസെടുക്കുന്നു.



ഹൈക്കോടതിയിൽ അഭിഭാഷകരുടെ ക്ലാസ് ശ്രവിക്കുന്ന കുട്ടികൾ





കേരളപിറവി ദിനത്തോടനുബന്ധിച്ച് നടത്തിയ പ്രത്യേക അസംബ്ലി




എസ്.ഡി.പി വൈ ബോയ്സ് സ്കൂളിൽ കേരളപ്പിറവിദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. പ്രധാനാധ്യാപിക എസ് ആർ ശ്രീദേവി ടീച്ചറുടെ അധ്യക്ഷതയിൽ പരിപാടികൾ നടത്തി.യുപി വിഭാഗം കുട്ടികൾ കേരളത്തി ലെ 14ജില്ലകളുടെയും പ്രത്യേകതകൾ ഉൾ ക്കൊള്ളിച്ചു കൊണ്ട് നടത്തിയ പരിപാടി ശ്രദ്ധേയമായി. കേരള ഗാനങ്ങൾ കോർത്തിണക്കി ഒരു കേരള ഗാ ന മാലികയും അവതരിപ്പിച്ചു.നിവേദ്കൃഷ്ണ കേരളപ്പിറവിദിന പ്രഭാഷണം നടത്തി. മാതൃഭാഷാവാരാചരണത്തിന്റെ ഭാഗമായി അർജ്ജുൻ സി. പി ലഘുഭാഷണം നടത്തി. വള്ളത്തോളിന്റെ പ്രസിദ്ധമായ വരികൾ ചിന്താവിഷയമായി ആകാശ് എൻ.വി അവതരിപ്പിച്ചു.ഉച്ചയ്ക്ക് 1.30ന് കാവ്യാലാപന ശില്പശാല സംഘടിപ്പിച്ചു. 8,9 ക്ലാസുകളിലെ കുട്ടികൾ പങ്കെടുത്തു. ഭാഷാവൃത്തങ്ങളായ കേക, കാകളി, മഞ്ജരി നതോന്നത, തരംഗിണി എന്നീ അഞ്ചുവൃത്തങ്ങളിലെ കവിതകളുടെ അക്ഷര വ്യവ സ്ഥയും താളക്രമവും കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. കവിതകളുടെ ആലാപനവും നടത്തി. 8 A യിലെ കുട്ടികളാ ണ് കവിതകൾ ആലപിച്ചതും താളം പിടിച്ചതും.എട്ടാം ക്ലാസ്സിൽ കുട്ടികൾക്ക് പഠിക്കാനുള്ള സാന്ദ്ര സൗഹൃദം, എന്റെ ഗുരുനാഥൻ, വേദം, ധ്രുവചരിതം തുള്ളൽ എന്നീ കവിതകളും പത്തിലെ ലക്ഷ്മണ സാന്ത്വനത്തിലെ വരികളുമാണ് കാവ്യാലാപന ത്തിനായി തെരഞ്ഞെടുത്തത്.ശിൽപ്പശാല 2.30 ന് അവസാനിച്ചു.



## കാവ്യാലാപന ശില്പശാല



# പുരസ്കാര പ്പെരുമ

2024- 25 എസ്.ഡി.പി.വൈ.ബോയ്സ് ഹൈസ്കൂളിന് വിവിധ മേഖലകളിൽ മികച്ചനേട്ടം കൈവരിക്കാൻ കഴിഞ്ഞു.കായികമേളയിൽ സബ്ജൂനിയർ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് , ഉപജില്ലാ കലോത്സവത്തിലും ശാസ്ത്രമേളകളിലും പങ്കെടുത്ത എല്ലാ ഇനങ്ങളിലും എ ഗ്രേഡോടെ മികച്ചവിജയം: സമ്മാനങ്ങളുടെ പെരുമഴ. പുരസ്കാരപ്പെരുമയിൽ എസ് .ഡി.പി. വൈ. ബി .എച്ച്. എസ് ന് അഭിമാനിക്കാം.



സ്റ്റിൽമോഡലിന് ഫസ്റ്റ് എ ഗ്രേഡ് നേടിയ അബ്ദുൾ അർഷാദും മുഹമ്മദ്സഫ്വാനും




കായികപ്രതിഭകളെ ദേവസ്വംമാനേജർ ആദരിക്കുന്നു



ശാസ്ത്രനാടകത്തിൽ സെക്കന്റ് എ ഗ്രേഡ് നേടിയ ടീം



സ്കൂൾ കായികമേള ഡോക്യുമെന്റേഷൻ ചുമതല വഹിച്ച ലിറ്റിൽ കൈറ്റ്സ് ടീം




## മട്ടാഞ്ചേരി ഉപജില്ല ഐ.ടി മേളയിൽ എസ് .ഡി.പി.വൈ ബോയ്സ് സ്കൂൾ യുപി വിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി



## മട്ടാഞ്ചേരി ഉപജില്ല സംസ്കൃതോത്സവത്തിൽ എസ്.ഡി.പി.വൈ.ബി.എച്ച്.എസിന് കൈനിറയെ സമ്മാനങ്ങൾ



സംസ്കൃതോത്സവത്തിൽ സമ്മാനം നേടിയ കുട്ടികൾ സർട്ടിഫിക്കറ്റും ട്രോഫിയുമായി സംസ്കൃതാധ്യാപിക അമ്പിളി ടീച്ചറോടൊപ്പം

## കലാകായികശാസ്ത്ര പ്രതിഭകളെ അനുമോദിച്ചു



മട്ടാഞ്ചേരി ഉപജില്ല കലാകായിക ശാസ്ത്രമേളകളിൽ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച വിജയം നേടിയ കുട്ടികളെ അസംബ്ലിയിൽ അനുമോദിച്ചു



എച്ച് എസ് വിഭാഗം ദഫ് മുട്ട് മത്സരത്തിൽ സബ് ജില്ലയിൽ ഒന്നാം സ്ഥാനം നേടി ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത എസ്ഡിപിവൈ ബിഎച്ച്എസ് ടീം

## മാരത്തോണിൽ മിന്നി ഷിയാൻ



ദീർഘദൂരഓട്ടത്തിൽ പ്രായത്തെ വെല്ലുന്ന പ്രകടനവുമായി അഞ്ചാം ക്ലാസുകാരൻ ഷിയാൻ.സി.എസ് അത്ഭുതങ്ങൾ കാഴ്ചവയ്ക്കുന്നു.ഏതുപ്രായപരിധിയിലുള്ള മത്സരാർത്ഥികളോടൊപ്പവും മാറ്റുരച്ച്മാരത്തോണിൽ ഒന്നാം സ്ഥാനത്തെത്തി കാണികളെ അതിശയിപ്പിക്കുകയാണ് ഈ മിടുക്കൻ. നിരവധി പുരസ്കാരങ്ങൾ ഇതിനോടകം ഷിയാനെ തേടിയെത്തിയിട്ടുണ്ട്.വിവിധ ക്ലബ്ബുകളും സംഘടനകളും നടത്തിയ മത്സരങ്ങളിൽ റെക്കോർഡ് ജയം നേടാൻ കഴിഞ്ഞു. സ്കൂളിൽ സംഘടിപ്പിച്ച അനുമോദന ചടങ്ങിൽ പ്രധാനാധ്യാപിക ഷിയാനെ ക്യാഷ് പ്രൈസ് നൽകി ആദരിച്ചു.

## സ്കൂളിന് ലാപ് ടോപ്പുകൾ ലഭിച്ചു



എം.എൽ.എ കെ.ജെ.മാക്സി പ്രത്യേകവികസന ഫണ്ടിൽനിന്ന് അനുവദിച്ചലാപ്ടോപ്പുകൾ ഏറ്റുവാങ്ങുന്നു

## ഞങ്ങൾ ഹാപ്പിയാണ്



പത്താം ക്ലാസ് വിദ്യാർഥികൾക്കായി നടത്തിയ പഠനയാത്ര@ഊട്ടി കൊടൈക്കനാൽ

